"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ല - ശ്രീ. റിയാദ്, ശ്രീമതി വിദ്യ എന്നിവരുടെ ഉടമസ്ഥതയിലുള്ള 2.39 ആർ ഭൂമി കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1571/2026/RD തീയതി,തിരുവനന്തപുരം, 14-08-2026

---

പരാമർശം:-
1. കോഴിക്കോട് സബ് കളക്ടറുടെ 26.12.2017 തീയതിയിലെ സി1. 10570/2017/കെ.ഡിസ് നമ്പർ നടപടിക്രമം
2. ശ്രീ. റിയാദ് 09.02.2026 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
3. കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 06.06.2026 തീയതിയിലെ RDOKKD/344/2026-C1 നമ്പർ കത്ത്
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15.07.2026 തീയതിയിലെ LR/4973/2026-LR-A7 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ, ഒളവണ്ണ വില്ലേജിൽ, ഒളവണ്ണ ദേശത്ത് റീസർവ്വേ നമ്പർ 93/1-ൽ ഉൾപ്പെട്ടതും, ശ്രീ. റിയാദ്, ശ്രീമതി വിദ്യ എന്നിവരുടെ ഉടമസ്ഥതയിലുള്ളതുമായ 2.39 ആർ ഭൂമിക്ക്, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ച്, പരാമർശം (1) പ്രകാരം തരം മാറ്റി നൽകി ഉത്തരവായിരുന്നു. തരം മാറ്റിയ ഭൂമി 10 വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ ടി ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത നിബന്ധന ഉള്ളതിനാൽ വസ്തു വിൽക്കുന്നതിന് സാധിക്കുന്നില്ലെന്നും, അതിനാൽ ടി നിബന്ധന ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. റിയാദ് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. പ്രസ്തുത നടപടിക്രമവുമായി ബന്ധപ്പെട്ട ഫയൽ വിശദമായി പരിശോധിച്ചതിൽ നിന്നുംപരാമർശം (1) നടപടിക്രമത്തിൽ പരാമർശിച്ചിരിക്കുന്ന 10 വർഷത്തെ വ്യവസ്ഥ സാധൂകരിക്കുന്ന രേഖകളോ, പരാമർശങ്ങളോ, ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നിന്നോ, മറ്റ് വകുപ്പുകളിൽ നിന്നോ ഉള്ള ഉത്തരവുകളോ ഫയലിൽ ലഭ്യമല്ലെന്ന് കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

3. കേരള ഭൂവിനിയോഗ ഉത്തരവിന്റെ സെക്ഷൻ 6(2) പ്രകാരം നിബന്ധനകൾക്ക് വിധേയമായി എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും, പരിവർത്തനപ്പെടുത്തിയ ഭൂമി 10 വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടില്ലെന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണെന്ന് പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറും അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം പരിശോധിച്ചു. പരാമർശം (1) നടപടിക്രമത്തിൽ

നിഷ്കർഷിച്ചിരിക്കുന്ന "തരംമാറ്റിയ ഭൂമി 10 വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടില്ലെന്ന" നിബന്ധന ഒഴിവാക്കിക്കൊണ്ട്, ഒളവണ്ണ വില്ലേജിൽ, ഒളവണ്ണ ദേശത്ത്, റീ സർവ്വേ നമ്പർ 93/1-ൽപ്പെട്ടതും, ശ്രീ. റിയാദ്, ശ്രീമതി വിദ്യ എന്നിവരുടെ ഉടമസ്ഥതയിലുള്ളതുമായ 2.39 ആർ ഭൂമി കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ. റിയാദ്, റഷീദ് മൻസിൽ, ചെറുവണ്ണൂർ പി. ഒ., ഫറോക്ക്, കോഴിക്കോട് - 673655.
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം
3. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
4. ജില്ലാ കളക്ടർ, കോഴിക്കോട്.
5. റവന്യൂ ഡിവിഷണൽ ഓഫീസർ, കോഴിക്കോട്.
6. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ സി. എ. യ്ക്ക്.
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ. യ്ക്ക്.